**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം: 4734

27.06.2014 ലെ മറുപടിയ്ക്ക്

# മദ്രസ അദ്ധ്യാപക ക്ഷേമനിധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ഗുരുദാസൻ<br>,, എ.എം. ആരിഫ്<br>,, പി.റ്റി.എ. റഹീം<br>ഡോ.കെ.ടി. ജലീൽ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) മദ്രസ അദ്ധ്യാപകരുടെ ക്ഷേമത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രൂപീകരിച്ച മദ്രസ അദ്ധ്യാപക ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;<br><br>(ബി) എന്തൊക്കെ ആനുകൂല്യങ്ങളാണ് പ്രസ്തുത ക്ഷേമനിധിയിൽനിന്ന് മദ്രസ അദ്ധ്യാപകർക്ക് നൽകി വരുന്നതെന്നറിയിക്കുമോ; | (എ) യും (ബി) യും 20 വയസ്സ് പൂർത്തിയായതും 60 വയസ്സ് പൂർത്തിയാകാത്തതുമായ മദ്രസ്സാദ്ധ്യാപകർക്ക ക്ഷേമനിധിയിൽ അംഗത്വം നൽകുന്നു. 65 വയസ്സ് പൂർത്തിയാകുന്നതുവരെ അംഗത്വം നിലനിർത്തുന്ന മദ്രസ്സാദ്ധ്യാപകന് അംഗത്വകാലയളവിന് ആനുപാതികമായി 500/- രൂപ മുതൽ 5200/- രൂപ വരെ പ്രതിമാസ പെൻഷൻ ലഭിക്കുന്നതാണ്. അംഗങ്ങളുടെ കാലശേഷമോ ക്ഷേമപദ്ധതിയിൽ നിന്ന് പിൻവാങ്ങുകയോ ചെയ്യുമ്പോൾ അംഗങ്ങളുടെ പേരിലുള്ള നിക്ഷേപവും വർദ്ധിത ആദായവും പൂർണ്ണമായി അംഗങ്ങൾക്കോ അവകാശികൾക്കോ നൽകുന്നതാണ്. 2010-ൽ ആരംഭിച്ച പദ്ധതിയിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങൾ 2015 മുതലേ നൽകേണ്ടതുള്ളു. ക്ഷേമനിധിയംഗങ്ങൾക്ക് ഭവനനിർമ്മാണ പദ്ധതി, ആരോഗ്യ ഇൻഷുറൻസ് പദ്ധതി, അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ തുടങ്ങിയവ നൽകുന്നതിനുള്ള പദ്ധതികൾ സർക്കാർ പരിഗണിച്ചുവരുന്നു. |
| (സി) ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) പദ്ധതി പൂർണ്ണമായും പലിശരഹിതമാക്കിയിട്ടുണ്ട്. കൂടാതെ മദ്രസ്സാ പ്രസ്ഥാന പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. സി-ഡിറ്റുമായി ചേർന്ന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്താനും നടപടി സ്വീകരിച്ചു വരുന്നു. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ കൂടുതൽ മദ്രസ്സാദ്ധ്യാപകരെ അംഗങ്ങളാക്കുന്നതിനുള്ള തീവ്രയജ്ഞ അംഗത്വ വിതരണ പരിപാടിയും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ